**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 44** **23-06-2026-ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഡി-ഹണ്ട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ പത്തുവർഷ കാലയളവിൽ സംസ്ഥാനത്ത് ലഹരിക്കടത്തും അതിന്റെ വിപണനവും കൂടിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനത്ത് ലഹരിക്കടത്തും അതിന്റെ വിപണനവും നിയന്ത്രിക്കുന്നതിനായി നിരോധിത മയക്ക് മരുന്നുകളുടെ സംഭരണത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്നവരെ കണ്ടുപിടിച്ച് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെയും വിദ്യാലയങ്ങൾ ലഹരി വിമുക്തമാക്കുന്നതിന്റെയും മുന്നോടിയായ പ്രതിരോധ നടപടിയുടെ ഭാഗമായി കേരളാ പോലീസ് സംസ്ഥാന വ്യാപകമായി "ഓപ്പറേഷൻ ഡി-ഹണ്ട് : ദി നാർകോ ഹണ്ട്" എന്ന പേരിൽ ഒരു സ്പെഷ്യൽ ഡ്രൈവ്-ന് തുടക്കം കുറിക്കുകയും, ഈ പദ്ധതിയുടെ നോഡൽ ഓഫീസറായി ശ്രീ പുട്ട വിമലാദിത്യ IPS (ഐ.ജി.പി, നോർത്ത് സോൺ) നെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി ലഹരി വേട്ടക്കുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി ലഹരി വേട്ടക്കും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും സമഗ്രമായ പ്രവർത്തന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പോലീസ് സബ് ഡിവിഷനുകളിലും പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് മയക്കുമരുന്നിന്റെ ഉറവിടങ്ങൾ കണ്ടെത്തുന്നതിനും വിതരണ ശൃംഖലകൾ തകർക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി രഹസ്യ വിവരങ്ങൾ കൈമാറുന്നതിനുള്ള പ്രത്യേക ഹെൽപ് ലൈനും, വാട്സ്ആപ്പ് സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അതിവേഗ പരിശോധനകളും നിയമനടപടികളും സ്വീകരിച്ചു വരുന്നു.

**(സി)** ഡി-ഹണ്ട് വോറിയർമാരായി നിയോഗിക്കാൻ ഉദ്ദേശിക്കുന്നത് ആരെയൊക്കെയാണെന്നും ഇവരുടെ ചുമതലകൾ എന്തെല്ലാമായിരിക്കുമെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനായി "യോദ്ധാവ് വോറിയേഴ്സ്" എന്ന ജനകീയ ശൃംഖല രൂപികരിക്കുന്നുണ്ട്.

വിദ്യാർത്ഥികൾ, യുവജന സംഘടനാ പ്രവർത്തകർ, അധ്യാപകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ, സാംസ്കാരിക- സാമൂഹിക രംഗത്തെ പ്രമുഖർ, കലാകാരൻമാർ, കായികതാരങ്ങൾ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവരെ യോദ്ധാവ് വോറിയർമാരായി ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി സമൂഹത്തിൽ വലിയ സ്വാധീനമുള്ള വ്യക്തികളെയും. ഈ പദ്ധതിയുമായി സഹകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വികരിച്ചിട്ടുണ്ട്.

യോദ്ധാവ് വോറിയർമാരുടെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു .

1. ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക. 2.യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.

3.ലഹരി ഉപയോഗത്തെയും വിൽപ്പനയെയും സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിന് പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

4.വിദ്യാലയങ്ങൾ, കോളേജുകൾ, റസിഡൻഷ്യൽ മേഖലകൾ എന്നിവിടങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

5. ലഹരി ഉപയോഗത്തിൽ നിന്ന് മോചനം നേടുന്നതിനുള്ള കൗൺസിലിംഗ്, പുനരധിവാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക.

6. ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ജനകീയ മുന്നേറ്റത്തിന്റെ ഭാഗമായി പ്രവർത്തിക്കുക.

**സെക്ഷൻ ഓഫീസർ**